(ഡി) കുടിശ്ശികയുടെ ഒഴിവുശമ്പളങ്ങൾ കോർപ്പറേഷൻ തൊഴിലാളികൾക്ക് കഴിവതുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2000 ജൂൺ 17 വരെ എത്ര ഒഴിവുശമ്പളങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്കായി തിട്ടപ്പെടുത്തിയിട്ടുണ്ട് എന്ന വിവരം വെളിപ്പെടുത്തുമോ;

(എഫ്) ഇവയിൽ എത്ര ഒഴിവുശമ്പളങ്ങൾ തൊഴിലാളികൾക്ക് നൽകി;

(ജി) ഓരോ മാസത്തേയും ഒഴിവുശമ്പളം അതാതുമാസംതന്നെ തൊഴിലാളികൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1996 മുതൽ കോർപ്പറേഷനിൽ നിന്നും പിരിഞ്ഞ 4566 തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകാനുണ്ട്.

(ബി) 383 പേർക്ക് ഈ മാസം 28-ാം തീയതി ഗ്രാറ്റുവിറ്റി നൽകുന്നുണ്ട്. സാമ്പത്തിക ലഭ്യത അനുസരിച്ച് ബാക്കിയുള്ളവർക്കും ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്.

(സി) തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്ത് അർഹമായ ഹോളിഡേ വേജ് എല്ലാ തൊഴിലാളികൾക്കും ഇതിനകം നൽകിയിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) 2000 ജൂൺ 17 വരെ 2 ദേശീയ അവധിയും, 5 പ്രാദേശിക അവധിയും ആയിട്ടുണ്ട്. അതിൽ 4 ഹോളിഡേ വേജസ് ഇതുവരെ നൽകിയിട്ടുണ്ട്.

(ജി) അർഹമായ ഹോളീഡേ വേജസ് യഥാസമയം നൽകുന്നതിന് നടപടികൾ കോർപ്പറേഷൻ എടുത്തുവരുന്നുണ്ട്.

34 (558) ഹാന്റെക്സിനു നൽകാനുള്ള റിബേറ്റ് കുടിശ്ശിക

ശ്രീമതി ആർ. ലതാദേവി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സിനു റിബേറ്റ് ഇനത്തിൽ 2000 മാർച്ച് 31 വരെ കുടിശ്ശികയായി സർക്കാർ കൊടുക്കാനുള്ള തുക എത്രയാണ്;

(ബി) ഈ തുക കൊടുക്കാനുള്ള തടസ്സമെന്തെന്നും ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൊടുക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഹാൻടെക്സിന് റിബേറ്റ്, മറ്റ് സഹായപദ്ധതി ഇനത്തിൽ 2000-2001 വർഷത്തേയ്ക്ക് എത്ര തുക അനുവദിച്ചുവെന്നും അത് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഹാന്റെക്സിലെ ഏതെല്ലാം ഉദ്യോഗസ്ഥരെകുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുവെന്നും പ്രസ്തുത അന്വേഷണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഹാന്റെക്സിന് റിബേറ്റിനത്തിൽ 2000 മാർച്ച് 31 വരെ 4,59,81,050/- രൂപ കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

(സി) 2000-2001 വർഷത്തിൽ ആകെ 1.5 കോടി രൂപ റിബേറ്റിനത്തിൽ വകകൊള്ളിച്ചതിൽ 31,00,000/- രൂപ ഹാന്റെക്സിന് നൽകിക്കഴിഞ്ഞു. ഇതു കൂടാതെ 16.51 ലക്ഷം രൂപ ഹാങ്ഡ്യാൺ സബ്സിഡി ഇനത്തിൽ ഈ വർഷം ഹാന്റെക്സിന് നൽകിയിട്ടുണ്ട്.

(ഡി) പബ്ലിക് റിലേഷൻസ് ഓഫീസറായിരുന്ന ശ്രീ. അബ്ദുൽ ഹലി, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. കെ.എം. അബ്ദുൽ കലാം, മാർക്കറ്റിംഗ് മാനേജർ ശ്രീ. എസ്. പ്രകാശ്, ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ. പി.ഒ. ഔസേഫ് (റിട്ടയർ ചെയ്തു) പ്രോക്യുയർമെന്റ് ഓഫീസർ ആയിരുന്ന ശ്രീ. ആർ. ലക്ഷ്മണൻ മുതലി (റിട്ടയർ ചെയ്തു) എന്നിവരുടെ പേരിൽ വിജിലൻസ് അന്വേഷണം ഉള്ളതായി അറിയുന്നു. വിജിലൻസ് അന്വേഷണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

35 (559) തിരുവനന്തപുരം ജില്ലയിലെ കൈത്തറി വ്യവസായത്തിന്റെ തകർച്ച

ശ്രീ. തമ്പാനൂർ രവി :

ശ്രീ. ബി. വിജയകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിൽ കൈത്തറി വ്യവസായം തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്താണ്;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന കൈത്തറിതുണിയുമായുള്ള മത്സരത്തെ അതിജീവിക്കുവാൻ സംസ്ഥാന കൈത്തറി മേഖലയ്ക്ക് ഗവൺമെന്റ് എന്തെല്ലാം ആശ്വാസങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്നറിയിക്കുമോ;

ഉത്തരം

(എ)&(ബി) ഇല്ല. എന്നാൽ ഈ മേഖലയിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അമിതമായ ഉൽപാദനച്ചെലവും കൈത്തറിക്ക് ആവശ്യമായ നേരിയ ഇനം നൂലുകളുടെ അഭാവവും കൈത്തറി ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നു. സംസ്ഥാനത്തിനു പുറത്ത് കുറഞ്ഞ ചെലവിൽ യന്ത്രത്തറികളിൽ ഉൽപ്പാദിപ്പിക്കുന്ന വസ്ത്രങ്ങളുമായി ഉൽപാദനച്ചെലവ് കൂടിയ കൈത്തറി വസ്ത്രങ്ങൾക്ക് മല്ലിടേണ്ടി വന്നതിനാൽ അവ വിറ്റഴിക്കപ്പെടാതെ കെട്ടിക്കിടക്കുന്നു.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന കൈത്തറി തുണിയുമായുള്ള മത്സരത്തെ അതിജീവിക്കുന്നതിന്, ഈ സംസ്ഥാനത്തിൽ കൈത്തറി സഹകരണസംഘങ്ങളിലും ഹാൻവീവിൽ രജിസ്ട്രേഷനുള്ള നെയ്ത്തുകാർക്കും, അടിസ്ഥാന അസംസ്കൃത വസ്തുവായ നൂലിന് വില കുറച്ച് നൽകുന്നതിന് ഹാങ്ഡ്യാൺ സബ്സിഡി എന്ന പദ്ധതി സംസ്ഥാനം നടപ്പിലാക്കുന്നു. കൂടാതെ വിശേഷവസരങ്ങളിൽ കൈത്തറിത്തുണിയുടെ 20% കുറച്ചു വിൽക്കുന്നതിന് സർക്കാർ റിബേറ്റ് പദ്ധതിയിൽ സഹായം നൽകുന്നു. കമ്പ്യൂ

LIBRARY ARCHIVES Kerala Legislative Assembly